ഉത്തരം

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ലഭിച്ചിട്ടുണ്ട്.

(ബി) അന്വേഷണം നടന്നുവരികയാണ്.

(സി) കോഴിക്കോട് മെഡിക്കൽ കോളേജ് മെഡിസിൻ വിഭാഗം തലവൻ കൺവീനറായി ഒരു വിദഗ്ദ്ധ കമ്മിറ്റിയെ ഇതിനായി നിയോഗിച്ചിട്ടുണ്ട്.

(ഡി) കമ്മിറ്റിയുടെ ശുപാർശയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

മെഡിക്കൽ കോളേജുകളിലെ ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കാൻ നടപടി

164 [1691] ശ്രീ. പിരപ്പൻകോട് മുരളി :
,, ടി. കെ. ദേവകുമാർ :
,, ടി. പി. രാമകൃഷ്ണൻ :
,, സി. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ വലിയ തുക കൊടുത്തു വാങ്ങുന്ന ആധുനിക ഉപകരണങ്ങൾ പലതും പ്രവർത്തനക്ഷമമല്ലാതാകുന്നത് സംബന്ധിച്ച് ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ കഴിഞ്ഞ 4 വർഷത്തിനുള്ളിൽ ലഭ്യമായിട്ടുള്ള ആധുനിക ഉപകരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) ഇവയിൽ പ്രവർത്തനക്ഷമമല്ലാത്തവയെ സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സ്വകാര്യ സ്ഥാപനങ്ങളും ആശുപത്രിയിലെ ചില ജീവനക്കാരും തമ്മിലുള്ള ധാരണയുടെ അടിസ്ഥാനത്തിലാണ് മെഡിക്കൽ കോളേജുകളിലെ ഉപകരണങ്ങൾ പ്രവർത്തിക്കാത്തതെന്നും ഇതുമൂലം സാധാരണക്കാർക്ക് വൻ സാമ്പത്തിക ബാദ്ധ്യതയാണ് ഉണ്ടാക്കുന്നതെന്നും ഉള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) മെഡിക്കൽ കോളേജുകളിൽ വാങ്ങിയിട്ടുള്ള മുഴുവൻ ഉപകരണങ്ങളും പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രധാനപ്പെട്ട യന്ത്രങ്ങളായ ഹാർട്ട്‌ലംഗ് മെഷീൻ, ട്രെഡ്മിൽ, കളർഡോപ്ളർ, എക്കോകാർഡിയോഗ്രാഫ്, വിവിധതരം എന്റോസ്കോപ്പി സിസ്റ്റം, വിവിധതരം വെന്റിലേറ്ററുകൾ, ബ്ളഡ് ഗ്യാസ് അനലൈസറുകൾ, യൂറോ ഡൈനാമിക് മെഷീൻ എന്നിവ ഉൾപ്പെടുന്നു.

(സി) ഈ യന്ത്രങ്ങളെല്ലാം തന്നെ പ്രവർത്തനക്ഷമമാണ്.

(ഡി) ഇല്ല.

(ഇ) ഇപ്പോൾ യന്ത്രോപകരണങ്ങൾ വാങ്ങുമ്പോൾ തന്നെ അത് സപ്ളൈ ചെയ്യുന്ന കമ്പനികളുമായി യന്ത്രങ്ങൾ തകരാറായാൽ റിപ്പയർ ചെയ്യുന്നതിന് കരാർ ഉറപ്പാക്കുന്നുണ്ട്. ടി കമ്പനികൾ യഥാസമയം യന്ത്രോപകരണങ്ങൾ പരിശോധിച്ച് റിപ്പയർ ചെയ്യാനുള്ളതെല്ലാം റിപ്പയർ ചെയ്തു നൽകുന്നുണ്ട്.

മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഉപകരണങ്ങൾ റിപ്പയർ ചെയ്യാൻ നടപടി

165 [1692] ശ്രീ. ജോസഫ് എം പുതുശ്ശേരി :

,, തോമസ് ഉണ്ണിയാടൻ :

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി :

ശ്രീ. സ്റ്റീഫൻ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഒരു ലക്ഷത്തിലധികം രൂപ വിലയുള്ള ഉപകരണങ്ങളുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ബി) ഇവയിൽ പ്രവർത്തനക്ഷമമല്ലാത്തത് എത്ര; അവ ഓരോന്നും എത്രകാലമായി ഉപയോഗശൂന്യമായിരിക്കുന്നു എന്ന് വിശദമാക്കാമോ;

(സി) ഇവ റിപ്പയർ ചെയ്ത് ഉപയോഗപ്രദമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ), (ബി) & (സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

തൃശ്ശൂർ മെഡിക്കൽ കോളേജിലെ ശ്രീമതി എൽസമ്മ ജോസഫിന് പ്രമോഷൻ നൽകാൻ നടപടി

166 [1693] ശ്രീ. പി. ടി തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly